# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 186

28.01.2019-ൽ മറുപടി നൽകേണ്ടിയിരുന്നത്

## സോളാർ അഴിമതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.വി.വിജയദാസ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സോളാർ അഴിമതി സംബന്ധിച്ച് നടത്തിയ അന്വേഷണ റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) ഭരണ സംവിധാനം ദുരുപയോഗപ്പെടുത്തി അന്നത്തെ ഭരണ തലപ്പത്തുള്ളവർ തന്നെ വൻ തുകകൾ കൈപ്പറ്റിയതായും വലിയ തോതിൽ അഴിമതിയും ലൈംഗിക ചൂഷണവും നടത്തിയതായും, കൂടാതെ മുൻ എം.എൽ.എ. മാർ അടക്കമുള്ളവർ അന്നത്തെ ഭരണ നേതൃത്വത്തിലുള്ളവരെ രക്ഷപ്പെടുത്താൻവേണ്ടി സോളാർ കേസുകൾ ഒതുക്കി തീർപ്പാക്കാൻ പ്രവർത്തിച്ചതായും കമ്മീഷൻ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ ക്രിമിനൽ നടപടി സംഹിത, അഴിമതി നിരോധന നിയമം, ഇന്ത്യൻ ശിക്ഷാ നിയമം, മറ്റു ബാധകമായ നിയമങ്ങൾ എന്നിവ അനുശാസിക്കുന്ന രീതിയിൽ അന്വേഷണം നടത്തുന്നതിനായി ഒരു പ്രത്യേക അന്വേഷണ സംഘത്തെ സർക്കാർ നിയമിച്ചിട്ടുണ്ട്.<br><br>പോലീസ് സേനയുടെ അച്ചടക്കം ഉയർത്തിപ്പിടിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ ഗവൺമെന്റിന് സമർപ്പിക്കുവാൻ അനുയോജ്യമായ കാര്യക്ഷമതയുള്ള ഒരു ഏജൻസിയുടെ അന്വേഷണം അനിവാര്യമാണെന്ന് കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. കമ്മീഷൻ |

ശിപാർശയുടെയും അതിന്മേൽ സർക്കാരിന് ലഭിച്ച ഉപദേശത്തിന്റെയും അടിസ്ഥാനത്തിൽ പോലീസ് -ജയിൽ വകുപ്പുകളിൽ നടത്തേണ്ട മാറ്റം സംബന്ധിച്ച് പഠിച്ച് സർക്കാരിലേക്ക് ശിപാർശ സമർപ്പിക്കാനായി റിട്ട. ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ശ്രീ. സി.എൻ രാമചന്ദ്രൻനായർ അധ്യക്ഷനായി നാലംഗ സമിതിയെ നിയമിച്ചിട്ടുണ്ട്. കൂടാതെ സെക്രട്ടേറിയറ്റിന്റെ സുരക്ഷയ്ക്ക് വേണ്ടി സി.സി.ടി.വി. യുടെ ദൃശ്യങ്ങൾ സംരക്ഷിക്കുന്നതും സംബന്ധിച്ച കമ്മീഷൻ ശിപാർശ പരിശോധിക്കാനായി ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ അന്വേഷണത്തിലാണ്; വിശദവിവരങ്ങൾ നൽകുമോ;

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് ആരുടെയെല്ലാം പേരിൽ ഏതെല്ലാം ഇനങ്ങളിലാണ് കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നത്; വിശദവിവരം നൽകുമോ?

(ബി) യും (സി) യും ഇതുമായി ബന്ധപ്പെട്ട് 4 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും, അവ അന്വേഷണാവസ്ഥയിലുമാണ്.

**സെക്ഷൻ ഓഫീസർ**